# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 18.12.2024**

### പ്രധാനവാർത്തകൾ

1. സംസ്ഥാനത്ത് ഒരാൾക്ക് കൂടി എംപോക്സ്. രോഗം സ്ഥിരീകരിച്ചത് വിദേശത്ത് നിന്നെത്തിയ കണ്ണൂർ സ്വദേശിക്ക്. സ്ഥിതിഗതികൾ വിലയിരുത്തി ആരോഗ്യമന്ത്രി.

2. ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമം അടുത്ത വർഷം ഫെബ്രുവരിയിൽ നടത്താൻ സംസ്ഥാന മന്ത്രിസഭായോഗം അംഗീകാരം നൽകി.

3. പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

4. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് പുതിയ ലോക്കേഷൻ കോഡ് അനുവദിച്ചതായി മന്ത്രി വി. എൻ വാസവൻ.

5. കവിയും മുൻ ചീഫ് സെക്രട്ടറിയുമായ കെ ജയകുമാറിന് കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം.

6. തെക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൻറെ മുകളിലായി സ്ഥിതിചെയ്തിരുന്ന ന്യൂനമർദ്ദം കൂടുതൽ ശക്തമായി. സംസ്ഥാനത്ത് അടുത്ത 5 ദിവസം ഒറ്റപ്പെട്ട നേരിയ മഴയ്ക്ക് സാധ്യത.

**************************************

## എം. പോക്സ് - കണ്ണൂർ - ഇൻട്രോ

സംസ്ഥാനത്ത് ഒരാൾക്ക് കൂടി എംപോക്സ് സ്ഥിരീകരിച്ചു. യു.എ.ഇ.യിൽ നിന്നെത്തിയ കണ്ണൂർ സ്വദേശിക്കാണ് ഇന്ന് രോഗം സ്ഥീരീകരിച്ചത്. ആരോഗ്യമന്ത്രി വീണാ ജോർജ്ജിൻറെ അധ്യക്ഷതയിൽ സംസ്ഥാന തല റാപ്പിഡ് റെസ്പോൺസ് ടീം യോഗം ചേർന്ന് നിലവിലെ സ്ഥിതിഗതികൾ വിലയിരുത്തി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ....**

(വോയ്സ്)

*************************************

## മന്ത്രിസഭാ യോഗം

ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമം അടുത്ത വർഷം ഫെബ്രുവരി 21, 22 തീയതികളിൽ നടത്തുന്നതിന് സംസ്ഥാന മന്ത്രിസഭായോഗം അംഗീകാരം നൽകി. കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കാനുള്ള ശ്രമങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുകയും ഏകോപിപ്പിക്കുകയുമാണ് നിക്ഷേപക സംഗമത്തിന്റെ ലക്ഷ്യം. ചെങ്കൽ ഖനന മേഖല അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങൾ പരിഹരിക്കുന്നതിന് കേരള മൈനർ മിനറൽ കൺസഷൻ ചട്ടത്തിൽ ഭേദഗതി വരുത്തും. എഡിജിപി എം.ആർ.അജിത്കുമാറിന് ഡിജിപിയായി സ്ഥാനക്കയറ്റം നൽകാനും മന്ത്രിസഭയോഗം തീരുമാനിച്ചു.

*************************************

RNUTVPM

## വയനാട് പുനരധിവാസം - ഹൈക്കോടതി

ഉരുൾപൊട്ടൽ ദുരന്തമുണ്ടായ വയനാട്ടിൽ അടിയന്തര ഫണ്ട് ലഭ്യമാക്കാൻ ആവശ്യമായ ഇളവുകൾ അനുവദിക്കുന്നത് പരിഗണിക്കാൻ കേന്ദ്ര സർക്കാരിനോട് നിർദ്ദേശിച്ച് ഹൈക്കോടതി. ഇത് സംബന്ധിച്ച് ആഭ്യന്തര മന്ത്രാലയത്തിലെ അഡീഷണൽ സെക്രട്ടറിക്ക് കത്ത് നൽകാൻ സംസ്ഥാനത്തോടും നിർദ്ദേശിച്ചു. ജനുവരി 10നകം കേന്ദ്രസർക്കാർ മറുപടി നൽകാനും നിർദേശം നൽകിയിട്ടുണ്ട്.

************************************

## വിഴിഞ്ഞം - ലൊക്കേഷൻ കോഡ്

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് പുതിയ ലോക്കേഷൻ കോഡ് അനുവദിച്ചതായി മന്ത്രി വി.എൻ വാസവൻ. ഇന്ത്യയുടെയും തിരുവനന്തപുരം ജില്ലയുടെയും ചുരുക്കെഴുത്ത് ചേർത്ത് IN TRV 01 എന്നതാണ് വിഴിഞ്ഞം തുറമുഖത്തിന്റെ പുതിയ കോഡ്. അംഗരാജ്യങ്ങൾ തമ്മിലുള്ള സാമ്പത്തിക സഹകരണവും ഏകീകരണവും പ്രോത്സാഹിപ്പിക്കുന്ന ഐക്യരാഷ്ട്ര സഭയുടെ അഞ്ച് പ്രാദേശിക കമ്മീഷനുകളിൽ ഒന്നായ യുണൈറ്റഡ് നേഷൻസ് എക്കണോമിക് കമ്മീഷൻ ഫോർ യൂറോപ്പ് - ഏകീകൃത ലോക്കേഷൻ കോഡ് വേണമെന്ന നിർദ്ദേശത്തെ തുടർന്നാണ് കോഡിൽ മാറ്റം വരുത്തിയത്.

PNU TVPM

************************************

## കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം

കവിയും മുൻ ചീഫ് സെക്രട്ടറിയുമായ കെ ജയകുമാറിന് കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം. **'പിങ്ഗള കേശി'** എന്ന കവിതാസമാഹാരത്തിനാണ് പുരസ്കാരം. ആകെ 24

ഭാഷകളിൽ 21 എണ്ണത്തിലേക്കുള്ള പുരസ്കാരമാണ് പ്രഖ്യാപിച്ചത്.

************************************

## വിസ കൈമാറി

പട്ടികജാതി വികസന വകുപ്പിന്റെ ഐ ടി ഐ കളിൽ നിന്ന് വിവിധ കോഴ്സുകൾ പാസായി ഒഡെപെക് മുഖേന യു എ ഇയിൽ ജോലി ലഭിച്ച 54 വിദ്യാർഥികൾക്ക് മന്ത്രി ഒ. ആർ. കേളു വിസ കൈമാറി. ഈ മാസം 20, 23 തിയതികളിൽ വിദ്യാർഥികൾ യാത്ര തിരിക്കും. യാത്രാ ചെലവുകൾക്ക് പട്ടികജാതി-പട്ടിക വർഗ വികസന കോർപറേഷൻ സാമ്പത്തിക സഹായവും ലഭ്യമാക്കിയിട്ടുണ്ട്.

************************************

## പ്രവാസി ദിനാചരണം

പ്രവാസി കേരളീയർ ഉന്നയിച്ച വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയമനിർമ്മാണം ഉൾപ്പെടെ സർക്കാർ പരിഗണനയിലാണെന്ന് മന്ത്രി വി അബ്ദുറഹിമാൻ. നോർക്ക റൂട്ട്സ് ലോക കേരള സഭ സെക്രട്ടറിയേറ്റിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പ്രവാസി ദിനാചരണം കോഴിക്കോട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കാര്യക്ഷമമായ വ്യവസായസ്ഥാപനങ്ങൾ ആരംഭിക്കാൻ പ്രവാസികൾ മുന്നോട്ട് വരണമെന്നും മന്ത്രി പറഞ്ഞു.

************************************

## എ കെ ശശീന്ദ്രൻ

വന നിയമ ഭേദഗതി സംബന്ധിച്ച് പൊതുജനങ്ങളുടെ അഭിപ്രായ സമന്വയത്തിലൂടെ മാത്രമേ അന്തിമ നിയമം

RNU TVPM

തയ്യാറാക്കുകയുള്ളൂവെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. വനം വകുപ്പ് തയ്യാറാക്കിയ എട്ട് ഇ- ഗവേൺസ് ആപ്ലിക്കേഷനുകളുടെ ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഇ- ഗവേണിങ് ആപ്പുകളിലൂടെ വനം വകുപ്പിന്റെ നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ സാധിക്കുമെന്നും മന്ത്രി പറഞ്ഞു.

************************************

## വി.ശിവൻകുട്ടി

തിരുവനന്തപുരം ജില്ലയിൽ നടന്ന കരുതലും കൈത്താങ്ങും താലൂക്ക് തല അദാലത്തിൽ ലഭിച്ച പുതിയ അപേക്ഷകളിൽ രണ്ടാഴ്ചയ്ക്കകം നടപടി സ്വീകരിക്കുമെന്ന് മന്ത്രി വി.ശിവൻകുട്ടി. നിരവധി പരാതികൾ അദാലത്തിൽ പരിഹരിക്കാൻ സാധിച്ചെന്നും അദ്ദേഹം തിരുവന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. മന്ത്രി ജി.ആർ അനിലും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

RNU TVPM

************************************

## പാർലമെൻറ്

പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ഡോ.ബി.ആർ അംബേദ്കറെ അപമാനിക്കുന്ന തരത്തിൽ കേന്ദ്രമന്ത്രി അമിത് ഷാ രാജ്യസഭയിൽ പ്രസ്താവന നടത്തിയെന്നാരോപിച്ച് ഇന്ന് സഭ സമ്മേളിച്ചപ്പോൾ മുതൽ പ്രതിപക്ഷം ഇരു സഭകളിലും പ്രതിഷേധം ഉന്നയിച്ചിരുന്നു. പ്രതിപക്ഷത്തിൻറെ ആരോപണങ്ങൾ ശരിയല്ലെന്നും കോൺഗ്രസാണ് ഭരണഘടന ശിൽപിയെ അപമാനിച്ചിരുന്നതെന്നും ഭരണപക്ഷാംഗങ്ങൾ പ്രത്യാരോപണം ഉന്നയിച്ചതോടെ സഭ പ്രക്ഷുബ്ധമാവുകയായിരുന്നു. ഇന്ത്യൻ ഭരണഘടനാ ശില്പിയെ

അവഹേളിച്ച കോൺഗ്രസിൻറെ ഇരുണ്ട ചരിത്രം ശ്രീ അമിത് ഷാ തുറന്നുകാട്ടിയതിനാലാണ് പ്രതിപക്ഷം ഇപ്പോൾ നാടകീയ രംഗങ്ങൾ സൃഷ്ടിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹ മാധ്യമത്തിൽ പറഞ്ഞു.

************************************

**മാനദണ്ഡങ്ങൾ - റോഡ് സുരക്ഷ**

റോഡ് സുരക്ഷ ശക്തിപ്പെടുത്തുന്നതിനും ദേശീയപാത നിർമ്മാണത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും, റോഡരികിൽ മെറ്റൽ ബീം ക്രാഷ് ബാരിയറുകൾ സ്ഥാപിക്കുമ്പോൾ മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന് ദേശീയ പാത അതോറിട്ടി. ഇതു സംബന്ധിച്ച് ഇന്ത്യൻ റോഡ് കോൺഗ്രസും ഉപരിതല ഗതാഗത - ഹൈവേ മന്ത്രാലയവും നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കണമെന്നാണ് കരാറുകാർക്ക് നിർദേശം നൽകിയിരിക്കുന്നത്.

RNU TVPM

************************************

**ഐ.എഫ്.എഫ്.കെ - ഇൻട്രോ**

കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ ആറാം ദിനത്തിലും മികച്ച പ്രേക്ഷക പങ്കാളിത്തം. ചലച്ചിത്രങ്ങളുടെ ആദ്യ പ്രദർശനം പോലെ തന്നെ മനസ്സിൽ പതിഞ്ഞ സിനിമകൾ ഒരിക്കൽ കൂടി കാണാനുള്ള അവസരവും പ്രയോജനപ്പെടുത്തുകയാണ് ചലച്ചിത്ര പ്രേമികൾ. ചലച്ചിത്ര മേളയിലൂടെ കൂടുതൽ സ്വതന്ത്ര സിനിമകൾക്ക് വേദിയൊരുങ്ങുന്നതായി **സംവിധായകൻ ജിയോ ബേബി ആകാശവാണി വാർത്തകളോട് പറഞ്ഞു.**

(വോയിസ്)

************************************

## ഐ എഫ് എഫ് കെ - മാധ്യമ പുരസ്കാരം

രാജ്യാന്തര ചലച്ചിത്രമേളയോടനുബന്ധിച്ച് മാധ്യമ പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു. ചലച്ചിത്രോത്സവം റിപ്പോർട്ട് ചെയ്യുന്ന പത്ര, ദൃശ്യ, ശ്രവ്യ, ഓൺലൈൻ മാധ്യമങ്ങൾ റിപ്പോർട്ടുകളുടെ പകർപ്പുസഹിതം നാളെ ഉച്ചയ്ക്ക് ഒരു മണിക്ക് മുൻപ് മീഡിയാ സെല്ലിൽ അപേക്ഷ സമർപ്പിക്കണം.

************************************

## പുരസ്കാര നിറവിൽ ദൂരദർശൻ

2023 ലെ പ്രസിഡന്റ്സ് ട്രോഫിദൃശ്യ മാധ്യമ പുരസ്കാരം തിരുവനന്തപുരം ദൂരദർശന്. മികച്ച ദൃശ്യ മാധ്യമ റിപ്പോർട്ടിങ്ങിന് ബി. ശ്രീകുമാറും മികച്ച വീഡിയോ ഗ്രാഫറായി സത്യരാജ് എസ്സും തിരഞ്ഞെടുക്കപ്പെട്ടു.

RNU TVPM

************************************

## മഴ

തെക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൻറെ മുകളിലായി സ്ഥിതിചെയ്തിരുന്ന ന്യൂനമർദ്ദം കൂടുതൽ ശക്തമായി. അടുത്ത 24 മണിക്കൂറിനുള്ളിൽ വടക്കൻ തമിഴ്നാട് - തെക്കൻ ആന്ധ്രപ്രദേശ് തീരത്തിന് സമീപത്തേക്കു നീങ്ങാൻ സാധ്യത. സംസ്ഥാനത്ത് അടുത്ത 5 ദിവസം ഒറ്റപ്പെട്ട നേരിയ മഴയ്ക്ക് സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

************************************

## വെർച്വൽ അറസ്റ്റ് - ഇൻട്രോ

വെർച്വൽ അറസ്റ്റിലായിരുന്ന കോട്ടയം ചങ്ങനാശേരി സ്വദേശിയായ ഡോക്ടറെ മോചിപ്പിച്ച് പോലീസ്. പണമിടപാടിനെക്കുറിച്ച് സംശയം തോന്നിയ എസ് ബി ഐ യുടെ ആഭ്യന്തര സുരക്ഷാ സംവിധാനമാണ് തട്ടിപ്പ് പുറത്തുകൊണ്ടുവന്നത്. സുപ്രീംകോടതിയുടെയും RBI യുടെയും പേരിലുള്ള വ്യാജരേഖയുണ്ടാക്കിയാണ് തട്ടിപ്പു നടത്തിയതെന്ന് **കോട്ടയം എസ് പി ഷാഹുൽ ഹമീദ് പറഞ്ഞു.**

(വോയ്സ്)

**************************************************

**********************************

*********************

RNU TVPM